2026
MARCH
26
THUSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# നിയമസഭാ തിരഞ്ഞെടുപ്പ്: ജില്ലയിൽ ഹരിതചട്ടം കർശനം

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പ് പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായി നടത്തുന്നതിന്റെ ഭാഗമായി ജില്ലയിൽ ഹരിത ചട്ടം കർശനമായി നടപ്പിലാക്കാൻ തീരുമാനിച്ചു. ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ അധ്യക്ഷതയിൽ ചേർന്ന തഹസിൽദാർമാർ, റിട്ടേണിംഗ് ഓഫീസർമാർ, ഹരിതചട്ടം നോഡൽ ഓഫീസർമാർ എന്നിവരുടെ യോഗത്തിലാണ് ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയത്. തിരഞ്ഞെടുപ്പ് പ്രക്രിയ പരിസ്ഥിതിക്ക് ഹാനികരമാകാതെ നടപ്പാക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ അനിവാര്യമാണെന്ന് ജില്ലാ കളക്ടർ പറഞ്ഞു. പോളിങ് സ്റ്റേഷനുകൾ, വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകൾ, ട്രെയിനിംഗ് സെന്ററുകൾ, വിതരണ-സ്വീകരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളും ഡിസ്പോസിബിൾ വസ്തുക്കളും പൂർണ്ണമായും നിരോധിച്ചു. പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, ബാനറുകൾ എന്നിവക്ക് പകരം പുനരുപയോഗിക്കാൻ കഴിയുന്ന പരിസ്ഥിതി സൗഹൃദ വസ്തുക്കൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

എല്ലാ കേന്ദ്രങ്ങളിലും ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാൻ പ്രത്യേക ബിന്നുകൾ സ്ഥാപിക്കും. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി നൽകുന്ന ചാക്കുകളിൽ ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്ക് മാറ്റും. മാലിന്യങ്ങൾ കുന്നുകൂടുന്നത് ഒഴിവാക്കാൻ ഹരിത കർമസേനാംഗങ്ങളെ നിയോഗിക്കും. പൊതുസ്ഥലങ്ങളിൽ ഹരിതചട്ടം ലംഘിച്ച് സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് തോരണങ്ങൾ, ബാനറുകൾ, ബോർഡുകൾ എന്നിവ അടിയന്തരമായി നീക്കം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. ഇവ നീക്കം ചെയ്യുന്നതിനുള്ള ചെലവ് ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികളിൽ നിന്നോ വ്യക്തികളിൽ നിന്നോ ഈടാക്കും. തിരഞ്ഞെടുപ്പ് കേന്ദ്രങ്ങളിൽ നിന്ന് ശേഖരിക്കുന്ന പുനരുപയോഗിക്കാവുന്ന കടലാസ്, പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ച് 'ഇലക്ഷൻ സ്മരണിക' നിർമ്മിക്കുന്നതിനായി ക്ലീൻ കേരള കമ്പനിക്ക് കൈമാറും. ഓരോ കേന്ദ്രത്തിലും ഹരിതചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തി. മാലിന്യത്തിന്റെ അളവ് ദിവസേന രേഖപ്പെടുത്തണം. ചട്ടങ്ങൾ ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ശുപാർശ നൽകും.

തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വകുപ്പുകളും ഒരുമിച്ച് പ്രവർത്തിച്ച് ഹരിത തിരഞ്ഞെടുപ്പ് വിജയിപ്പിക്കണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു. ശുചിത്വ മിഷൻ ജില്ലാ കോ ഓഡിനേറ്റർ ഡോ. ശീതൾ ജി. മോഹൻ ഹരിതചട്ടം നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ യോഗത്തിൽ വിശദീകരിച്ചു. നവകേരളം മിഷൻ ജില്ലാ കോഡിനേറ്റർ എസ് രഞ്ജിനി, കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ടി എം റെജീന, ക്ലീൻ കേരള കമ്പനി ജില്ലാ മാനേജർ സുബിൻ ബേബി, മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ കോ- കോഡിനേറ്റർ കെ കെ രവി, ജില്ലാ ശുചിത്വം മിഷൻ അസിസ്റ്റന്റ് കോഡിനേറ്റർ കെ ജെ ലിജി എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## എൽപിജി ക്ഷാമം: പ്രത്യേക യോഗം ചേർന്നു



കൊച്ചി: എറണാകുളം ജില്ലയിലെ എൽ പി ജി സിലിണ്ടറുകളുടെ വിതരണ സാഹചര്യം വിലയിരുത്തുന്നതിനായി ജില്ലാ സപ്ലൈ ഓഫീസർ എസ് ആർ സ്മിതയുടെ അധ്യക്ഷതയിൽ ജില്ലയിലെ താലൂക്ക് സപ്ലൈ സിറ്റി റേഷനിങ് ഓഫീസർമാരുടെ ഓൺലൈൻ യോഗം ചേർന്നു. ജില്ലയിലെ എൽ.പി.ജി ദുരുപയോഗം, കരിഞ്ചന്ത, പൂഴ്ത്തിവെപ്പ് തുടങ്ങിയ ക്രമക്കേടുകൾ തടയുന്നതിനായി പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന ശക്തമാക്കാൻ യോഗം നിർദ്ദേശിച്ചു. ഇത്തരം ക്രമക്കേടുകൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽ പെട്ടാൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ /സിറ്റി റേഷനിങ് ഓഫീസർമാരെ അറിയിക്കേണ്ടതാണെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

## നിയമസഭ തിരഞ്ഞെടുപ്പ്: സെക്ടർ ഓഫീസർമാർക്കുള്ള പരിശീലനം ആരംഭിച്ചു

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി സെക്ടർ ഓഫീസർമാരുടെ പരിശീലനം ആരംഭിച്ചു. മഹാരാജാസ് കോളേജ് ഇംഗ്ലീഷ് ഹാൾ, ആലുവ മിനി സിവിൽ സ്റ്റേഷൻ കോൺഫറൻസ് ഹാൾ എന്നിവിടങ്ങളിലായാണ് ആദ്യദിവസം പരിശീലനം നടന്നത്. ബൂത്ത് ലെവൽ ഓഫീസർമാരുടെ ഏകോപനം മുതൽ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നവരാണ് സെക്ടർ ഓഫീസർമാർ.

തിരഞ്ഞെടുപ്പ് ഏറ്റവും കാര്യക്ഷമമായി നടത്തുന്നതിനും വോട്ടിംഗ് ശതമാനം പരമാവധി ഉയർത്തുന്നതിനും ഉദ്യോഗസ്ഥർ ശ്രമിക്കണമെന്ന് പരിശീലനം ഉദ്ഘാടനം ചെയ്തുകൊണ്ട് ജില്ലാ കളക്ടർ ജി പ്രിയങ്ക പറഞ്ഞു. പരിശീലനം നാളെ അവസാനിക്കും.

## ഏഷ്യൻ–ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ്സുകളിൽ ഇടംപിടിച്ച് ദിനേഷ് കാർത്തിക്കിന്റെ ജേഴ്സി

**കൊച്ചി:** ഇന്ത്യൻ ക്രിക്കറ്റ് താരം ദിനേഷ് കാർത്തിന്റെ ജേഴ്സി നമ്പർ അണിഞ്ഞ് ചെന്നൈയിലെ അമൃത ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസിലെ വിദ്യാർത്ഥികൾ ഏഷ്യൻ- ഇന്ത്യൻ ബുക്ക് ഓഫ് റെക്കാർഡ്സിൽ ഇടംപിടിച്ചു. വാർഷിക കായികമേളയായ 'CAG7 2026' ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ദിനേഷ് കാർത്തിക് മുഖ്യാഥിയായിരുന്നു.

കായികമേളയുടെ ഭാഗമായി 2026 വിദ്യാർത്ഥികൾ അണിനിരന്ന് മൈതാനത്ത് തീർത്ത 'CA /DK 19' എന്ന ഹ്യൂമൻ ഫോർമേഷൻ ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇടംപിടിച്ചു. ഒരു കായികതാരത്തിന്റെ ജേഴ്സി നമ്പർ ഇത്രയധികം പേർ ചേർന്ന് പ്രദർശിപ്പിക്കുന്നത് ആദ്യമായയാണ്.

ദിനേഷ് കാർത്തിക്കിനോടുള്ള ആദരസൂചകമായി അദ്ദേഹത്തിന്റെ ജേഴ്സി നമ്പറായ 19 ഉൾപ്പെടുത്തിയാണ് ഈ റെക്കോർഡ് പ്രകടനം ഒരുക്കിയത്. കായികമേള മത്സരവിജയികൾക്ക് ദിനേഷ് കാർത്തിക് പുരസ്കാരങ്ങൾ വിതരണം ചെയ്തു. തമിഴ്നാട് ഡോ. എം.ജി.ആർ മെഡിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. ഡോ. കെ. നാരായണസാമി, ചെന്നൈ അമിർത ഗ്രൂപ്പ് ചെയർമാൻ ആർ. ബൂമിനാഥൻ, പ്രിൻസിപ്പൽമാർ എന്നിവർ പങ്കെടുത്തു.



*ചെന്നൈ അമൃത ഗ്രൂപ്പ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ഏഷ്യൻ - ഇന്ത്യൻ റെക്കോർഡ്സ് ചടങ്ങിൽ ഇന്ത്യൻ ക്രിക്കറ്റ് താരം ദിനേശ് കാർത്തിക്.*

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **സ്വാമി ശാശ്വതികാനന്ദ കോളേജ് :** മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ സ്വാമി ശാശ്വതികാനന്ദ കോളേജ്, പൂത്തോട്ടയിൽ സൗത്ത് സോൺ വനിത ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പ് മത്സരങ്ങളുടെ സമ്മാനദാനം അന്താരാഷ്ട്ര സ്കേറ്റിംഗ് താരം എ.എ അബ്ന  വൈകിട്ട് 4.30ന് നിർവഹിക്കും.

## മൂവാറ്റുപുഴ

■ **വാളകം യാക്കോബായ സിറിയൻ സൺഡേ സ്കൂൾ ചാപ്പൽ :**വാളകം യാക്കോബായ സിറിയൻ ക്രിസ്ത്യൻ കൺവൻഷൻ  വൈകിട്ട് 6.15ന്

■ **കടാതി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് യാക്കോബായ പള്ളി :** സുവിശേഷയോഗം വൈകിട്ട് 6.30ന്.

## കളമശേരി

■ **കുസാറ്റ് :** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലാ വിദ്യാർഥി യൂണിയൻ സംഘടിപ്പിക്കുന്ന കലോത്സവം 'സർഗം-2026' രാവിലെ 9 മുതൽ.

## കോതമംഗലം

■ **കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ:** വാർഷിക ധ്യാനം വൈകിട്ട് 4 മണി മുതൽ.

## പെരുമ്പാവൂർ

■ **ഇരിങ്ങോൾ ഭഗവതി ക്ഷേത്രം :** ഇരിങ്ങോൾ പൂരമഹോത്സവം - കുച്ചിപ്പുടി, ഭരതനാട്യം, നൃത്തനൃത്യങ്ങൾ, ഓട്ടൻതുള്ളൽ വൈകിട്ട് 6.30ന്.

ഷൂട്ട് @ സൈറ്റ്



**തിരഞ്ഞെടുപ്പ് ബോധവൽക്കരണം....** *തിരഞ്ഞെടുപ്പ് ബോധവൽക്കരണത്തിന്റെ ഭാഗമായി ജില്ലാ കളക്ടർ ജി. പ്രിയങ്കയും സ്വീപ് നോഡൽ ഓഫീസർ കൂടിയായ അസിസ്റ്റൻറ് കളക്ടർ പാർവതി ഗോപകുമാറും കൊച്ചി മെട്രോയിൽ കളമശ്ശേരി നിന്നും കലൂർ മെട്രോ സ്റ്റേഷനിലേക്ക് യാത്ര ചെയ്ത് വോട്ടർമാരുമായി സംവദിച്ചപ്പോൾ.*

## തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടലംഘനം:

# ആലപ്പുഴയിൽ സി-വിജിൽ ആപ്പിലൂടെ ഇതുവരെ ലഭിച്ചത് 169 പരാതികൾ

**ആലപ്പുഴ:** നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടലംഘനം ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് പരാതിപ്പെടാനുള്ള സി-വിജിൽ(c-VIGIL) മൊബൈൽ ആപ്പ് വഴി ജില്ലയിൽ ഇന്നലെ ഉച്ചവരെ ലഭിച്ചത് 169 പരാതികൾ. ഇതുവരെ ലഭിച്ച മുഴുവൻ പരാതികളിലും തുടർ നടപടികൾ സ്വീകരിച്ചു. ജില്ലാ കൺട്രോൾ റൂമിലേയ്ക്ക് സി വിജിൽ ആപ്പ് മുഖേന ലഭ്യമാകുന്ന പരാതികൾ ബന്ധപ്പെട്ട ഫീൽഡ് യൂണിറ്റിലേയ്ക്ക് കൈമാറി 100 മിനിറ്റിനുള്ളിൽ പരിഹാരം കാണുന്ന വിധത്തിലാണ് ആപ്പ് ക്രമീകരിച്ചിട്ടുള്ളത്. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട ഏതു വിവരവും സി-വിജിൽ സംവിധാനത്തിലൂടെ അറിയിക്കാം. പ്ലേ സ്റ്റോറിൽനിന്ന് ഡൗൺ ലോഡ് ചെയ്യുന്ന ആപ്ലിക്കേഷനിൽ തത്സമയ ചിത്രങ്ങൾ, രണ്ടു മിനിറ്റുവരെ ദൈർഘ്യമുള്ള വീഡിയോകൾ, ശബ്ദരേഖകൾ എന്നിവയും നൽകാനാകും. ആപ്പ് വഴി ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം കളക്ട്രേറ്റിലെ ജില്ലാ പഞ്ചായത്ത് ഹാളിൽ പ്രവർത്തിക്കുന്നുണ്ട്.പൊതുജനങ്ങൾക്ക് സ്വന്തം പേരുവിവരങ്ങൾ വെളിപ്പെടുത്തിയും അല്ലാതെയും വിവരം നൽകാം. പരാതികൾ ഉടൻതന്നെ നിയോജക മണ്ഡലങ്ങളിലെ സ്ക്വാഡുകൾക്ക് കൈമാറും. ഫോണിൽ നേരത്തേ ശേഖരിച്ചിട്ടുള്ള വീഡിയോകളും ഫോട്ടോകളും ആപ്പിൽ അപ് ലോഡ് ചെയ്യാനാവില്ല. ഫ്ലയിംഗ് സ്ക്വാഡ്, സ്റ്റാറ്റിക് സർവൈലൻസ് ടീം, ആന്റി ഡിഫേസ്മെന്റ് സ്ക്വാഡ് എന്നീ ടീമുകളാണ് പരാതികളെക്കുറിച്ച് അന്വേഷിക്കുന്നത്. സി-വിജിൽ ഇൻവെസ്റ്റിഗേറ്റർ ആപ്ലിക്കേഷൻ മുഖേനയാണ് പരാതികളുടെ ലൊക്കേഷൻ കണ്ടെത്തുക. പരാതി സമർപ്പിക്കുമ്പോൾ ലഭിക്കുന്ന യുണീക് ഐഡി ഉപയോഗിച്ച് പരാതി ട്രാക്ക് ചെയ്യാനും സാധിക്കും. സി-വിജിൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് : https://play.google.comts/ore/apps/details.id-in.nic.eci.c-vigil സി-വിജിൽ മോണിട്ടറിംഗ് സെൽ ഫോൺ : 0477- 2999584.

### അറിയിപ്പ്

കൊച്ചി: ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്ന അന്വേഷണ കൗണ്ടർ മെയ് 4 വരെ പ്രവർത്തിക്കുന്നതല്ല എന്ന് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി ജേക്കബ് അറിയിച്ചു. നിയമസഭാ തിരഞ്ഞെടുപ്പ് പ്രമാണിച്ചാണ് നടപടി.

# ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് സ്മോൾക്യാപ് 250 ഇൻഡക്സ് ഫണ്ട് പുറത്തിറക്കി

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകൾക്ക് കീഴിൽ പുതിയ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് സ്മോൾക്യാപ് 250 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. രാജ്യത്തെ വളർന്നുവരുന്ന ലിസ്റ്റ് ചെയ്ത കമ്പനികളുടെ വലിയൊരു ശൃംഖലയിൽ നിക്ഷേപം നടത്താനും അച്ചടക്കമുള്ള ഇൻഡക്സ് അധിഷ്ഠിത സമീപനത്തിലൂടെ ദീർഘകാലാടിസ്ഥാനത്തിൽ സമ്പത്ത് കെട്ടിപ്പടുക്കാനും ഈ ഫണ്ട് സഹായിക്കുമെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു. നിഫ്റ്റി 500 പട്ടികയിൽ 251 മുതൽ 500 വരെ സ്ഥാനങ്ങളിലുള്ള കമ്പനികളെ ഉൾക്കൊള്ളുന്ന സ്മോൾക്യാപ് 250 ഇൻഡക്സിനെയാണ് ഫണ്ട് പിന്തുടരുന്നത്. വളർച്ചയുടെ പ്രാരംഭ ഘട്ടത്തിലുള്ളതും കാലക്രമേണ വലിയ കമ്പനികളായി മാറാൻ ശേഷിയുള്ളതുമായ നിരവധി ചെറുകിട ലിസ്റ്റഡ് കമ്പനികളിൽ നിക്ഷേപം നടത്താൻ സാധിക്കും. ഫിനാൻഷ്യൽ സർവീസസ്, ഹെൽത്ത് കെയർ, ക്യാപിറ്റൽ ഗുഡ്സ് തുടങ്ങി വിവിധ മേഖലകളിലെ വളർന്നുവരുന്ന 250 കമ്പനികളിലായി നിക്ഷേപം നടത്തുന്നതിനാൽ നിക്ഷേപകർക്ക് മികച്ച വൈവിധ്യവൽക്കരണം ലഭിക്കും. പാസീവ് ഇൻഡക്സ് രീതിയാണ് ഈ നിക്ഷേപ ഫണ്ട് പിന്തുടരുന്നതെന്നും കമ്പനി അധികൃതർ പറഞ്ഞു.

# ലൈഫ് ഇൻഷുറൻസ് കമ്പനികൾ 2025ൽ നൽകിയത് 6.30 ലക്ഷം കോടിയുടെ ആനുകൂല്യങ്ങൾ

**കൊച്ചി:** കുടുംബങ്ങളെ സംരക്ഷിക്കുന്നതിലും ദീർഘകാല സാമ്പത്തിക ആസൂത്രണത്തെ പിന്തുണയ്ക്കുന്നതിലും ഇന്ത്യയിലെ ലൈഫ് ഇൻഷുറൻസ് മേഖല നിർണായക പങ്കാണ് വഹിക്കുന്നതെന്ന് ഇൻഷുറൻസ് അവയർനെസ് കമ്മിറ്റി (ഐ.എ.സി). ഏറ്റവും പുതിയ ഐ.ആർ.ഡി.എ.ഐ വാർഷിക റിപ്പോർട്ട് അനുസരിച്ച് 2025 സാമ്പത്തിക വർഷത്തിൽ ലൈഫ് ഇൻഷുറൻസ് കമ്പനികൾ മൊത്തം ആനുകൂല്യങ്ങളിൽ 6.30 ലക്ഷം കോടി നൽകി.

സംരക്ഷണം മുതൽ വിരമിക്കൽ, സമ്പത്ത് സൃഷ്ടിക്കൽ വരെയുള്ള ജീവിത ഘട്ടങ്ങളിൽ ലൈഫ് ഇൻഷുറൻസ് വ്യവസായം ഇന്ത്യൻ കുടുംബങ്ങൾക്ക് നൽകുന്ന പിന്തുണയുടെ നിലവാരത്തെയാണ് ഈ കണക്ക് സാക്ഷ്യപ്പെടുത്തുന്നതെന്ന് എ.എ.സി ചൂണ്ടിക്കാട്ടുന്നു. ആകെ നൽകിയ ആനുകൂല്യങ്ങളിൽ 2.33 ലക്ഷം കോടി പിൻവലിക്കലുകളുടെയും സറന്റെയും പേരിലാണ്, ഇതിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1.77% വർധനവ്. മൊത്തം പ്രീമിയം വരുമാനത്തിന്റെ 71.92% പ്രതിനിധീകരിക്കുന്ന ആനുകൂല്യ പേഔട്ടുകൾ ഉായിരുന്നിട്ടുപോലും, സോൾവൻസി അനുപാതങ്ങൾ നിയന്ത്രണ പരിധിക്ക് മുകളിലാണ്. എല്ലാ ലൈഫ് ഇൻഷുറർമാരും 2025 മാർച്ച് 31ലെ ഏറ്റവും കുറഞ്ഞ സോൾവൻസി അനുപാതം 1.50 (സോൾവൻസിയുടെ നിയന്ത്രണ നില) പാലിച്ചു എന്നാണ് 2024-25 ഐ.ആർ.ഡി.എ.ഐ വാർഷിക റിപ്പോർട്ട്  പരാമർശിക്കുന്നത്. ശക്തമായ ആസ്തി ബാധ്യതാ പൊരുത്തപ്പെടുത്തൽ ചട്ടക്കൂടുകൾ, യാഥാസ്ഥിതിക മരണനിരക്ക് അനുമാനങ്ങൾ, ഐ.ആർ.ഡി.എ.ഐ നിർദേശിച്ച ശക്തമായ സോൾവൻസി മാർജിനുകൾ എന്നിവയിലൂടെ ഇൻഷുറർമാർ ഇത് കൈകാര്യം ചെയ്തിട്ടുണ്ടെന്ന് ഇൻഷുറൻസ് അവയർനസ് കമ്മിറ്റി ചെയർപേഴ്സൺ കമലേഷ് റാവു പറഞ്ഞു. ഞങ്ങളുടെ ക്യാമ്പയിനുകളിലൂടെ കുടുംബങ്ങളുടെ സമ്പത്ത് സംരക്ഷിക്കുന്നതിനുള്ള ലൈഫ് ഇൻഷുറൻസിന്റെ ശക്തിയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നത് തുടരുമെന്നും അദ്ദേഹം പറഞ്ഞു.

# പ്രചരണം കൊഴുപ്പിച്ച് അഖിൽ മാരാർ; പൊങ്കാല വഴിപാടിലും പങ്കെടുത്തു

**തൃക്കാക്കര:** തൃക്കാക്കര മണ്ഡലത്തിന്റെ മുക്കിലും മൂലയിലും വരെ നിറസാന്നിധ്യമായി മാറിയ ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി അഖിൽ മാരാർ പ്രചരണം സജീവമാക്കി. തിരക്കേറിയ പ്രചരണത്തിനിടയിൽ വെണ്ണല കൊറ്റങ്കാവ് ഭഗവതി ക്ഷേത്രത്തിൽ ഇന്നലെ നടന്ന പൊങ്കാല വഴിപാടിലും അഖിൽ മാരാർ പങ്കെടുത്തു. ഇന്നലെ രാവിലെ എട്ട് മണിയോടെ ക്ഷേത്രത്തിൽ എത്തിയ അഖിൽ മാരാർ ദർശനം നടത്തി. തുടർന്ന് ക്ഷേത്ര പരിസരത്ത് പൊങ്കാലയർപ്പിക്കാനായി എത്തിയ ഭക്തജനങ്ങളെ നേരിൽ കണ്ടു. പൊങ്കാല അടുപ്പുകൾക്ക് അരികെ പ്രാർത്ഥനാനിർഭരമായിരുന്ന അമ്മമാരോടും സഹോദരിമാരോടും ആശയവിനിമയം നടത്തിയ സ്ഥാനാർത്ഥി, പ്രാർത്ഥനയും പിന്തുണയും അഭ്യർത്ഥിച്ചും ഭക്തർക്കൊപ്പം സെൽഫിയെടുത്തതിന് ശേഷമാണ് മടങ്ങിയത്. തുടർന്ന് എളംകുളം, കടവന്ത്ര, പാലച്ചുവട് ജംഗ്ഷൻ,ആലിൻചുവട്,വെണ്ണല തുടങ്ങിയ പ്രദേശങ്ങളിൽ വോട്ടർമാരെ കണ്ട് വോട്ട് അഭ്യർത്ഥിച്ചു. എൻ.ഡി.എ നേതാക്കളും ഭാരവാഹികളും സ്ഥാനാർത്ഥിക്കൊപ്പം ഉണ്ടായിരുന്നു. ഇൻഫോപാർക്ക്, വെണ്ണല ഏരിയ തിരഞ്ഞെടുപ്പ് കൺവെൻഷനുകളിലും അഖിൽ മാരാർ പങ്കെടുത്തു.



*തൃക്കാക്കര നിയോജകമണ്ഡലം ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി അഖിൽ മാരാർ ഇന്നലെ വെണ്ണല കൊറ്റങ്കാവ് ഭഗവതി ക്ഷേത്രത്തിൽ നടന്ന പൊങ്കാലയിൽ പങ്കെടുത്ത് ഭക്തരോട് വോട്ട് അഭ്യർഥിച്ചപ്പോൾ.*

## ക്രൈസ്തവ വിശുദ്ധദിനങ്ങളിലെ പരീക്ഷാ നടത്തിപ്പ് പ്രതിഷേധാർഹം: സീറോ മലബാർ സഭ

**കൊച്ചി:** ഓശാന ഞായർ, പെസഹാവ്യാഴം, ഈസ്റ്റർ എന്നീ ദിനങ്ങളിൽ ദേശീയതലത്തിലുള്ള പരീക്ഷകളും മറ്റു പരിശീലന പരിപാടികളും നടത്താനുള്ള സർക്കാർ നടപടി പ്രതിഷേധാർഹമാണെന്ന് സീറോമലബാർസഭ നേതൃത്വം വ്യക്തമാക്കി.

ക്രൈസ്തവവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഏറ്റവും പവിത്രമായ വിശുദ്ധ ദിവസങ്ങളിൽ പരീക്ഷകൾ ക്രമീകരിക്കുന്നത് ആരാധനാസ്വാതന്ത്ര്യത്തിന്റെ നേരിട്ടുള്ള ലംഘനമാണ്. ഇത്തരം തീരുമാനങ്ങൾ ന്യൂനപക്ഷങ്ങൾക്കെതിരേയുള്ള ആസൂത്രിതമായ നീക്കമായിട്ടാണ് മനസിലാക്കേണ്ടത്. ക്രൈസ്തവവിശ്വാസത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രാർഥനാദിനങ്ങളെ തുടർച്ചയായി സർക്കാർ അവഗണിക്കുന്നത് ഗൗവരവകരമായ വിവേചനമാണ്. ലക്ഷക്കണക്കിനു വിദ്യാർഥികളെയും അധ്യാപകരെയും ഉദ്യോഗസ്ഥരെയും ഒരേപോലെ പ്രതിസന്ധിയിലാക്കുന്ന ഈ നടപടി മതേതര രാജ്യത്തിന്റെ മര്യാദകൾക്കു നിരക്കാത്തതാണ്. ആരാധനാലയങ്ങളിലെ ശുശ്രൂഷകളിൽ പങ്കെടുക്കാനുള്ള ക്രൈസ്തവരുടെ അവകാശത്തെ അവഗണിക്കുന്ന ഇത്തരം നീക്കങ്ങളിൽനിന്നു ബന്ധപ്പെട്ടവർ അടിയന്തരമായി പിന്തിരിയണമെന്നും ക്രൈസ്തവസമൂഹത്തിന്റെ വികാരങ്ങളെ മാനിച്ചുകൊണ്ട് ഈ ദിവസങ്ങളിലെ പരീക്ഷകളും മറ്റു പരിപാടികളും പുന:ക്രമീകരിക്കാൻ ബന്ധപ്പെട്ട സർക്കാരുകൾ അടിയന്തിരമായി ഇടപെടണമെന്നു സീറോമലബാർ സഭ നേതൃത്വം ആവശ്യപ്പെട്ടു.

# ഗ്രാമവീഥികളിൽ ആവേശമായി ദീപക് ജോയ്



**തൃപ്പൂണിത്തുറ:** ഗ്രാമവീഥികളിൽ ആവേശത്തിന്റെ അലകളുയർത്തി യുഡിഎഫ് സ്ഥാനാർഥി ദീപക് ജോയിയുടെ ഉദയംപേരൂർ മണ്ഡലം കമ്മിറ്റിയുടെ സ്വീകരണ പരിപാടികൾ സമാപിച്ചു. ഇന്നലെ രാവിലെ കണ്ടനാട് കിഴക്കേ കവലയിൽ നിന്നാണ് ദീപക് ഉദയംപേരൂർ മണ്ഡലത്തിലെ മൂന്നാംദിന സ്വീകരണ പരിപാടികൾക്ക് തുടക്കമിട്ടത്. ഉച്ചവരെയുള്ള സ്വീകരണ പരിപാടി വെട്ടിക്കാപ്പിള്ളിയിൽ സമാപിച്ചു. സ്വീകരണ പരിപാടിക്കിടെ വട്ടുകുന്നിൽ വച്ച് തൊട്ടടുത്ത മണ്ഡലമായ പിറവത്തെ യുഡിഎഫ് സ്ഥാനാർഥിയായ അനൂപ് ജേക്കബിനെ കണ്ടുമുട്ടി. ഇരുവരും പ്രചാരണ വിശേഷങ്ങൾ പങ്ക് വച്ചു. തുടർന്ന് അൽപനേരം ഇരു സ്ഥാനാർഥികളും ചേർന്ന് വോട്ടഭ്യർഥിച്ചു.

നെട്ടൂർ വിമലഹൃദയ ദേവാലയത്തിലെത്തിയും ദീപക് ജോയ് പിന്തുണ അഭ്യർഥിച്ചു. അറയ്ക്കൽ ശ്രീ മഹാകാളി ക്ഷേത്രത്തിലെ അന്നദാനത്തിലും പങ്കെടുത്തു. ഖദീജത്തുൽ കുബ്ര യത്തിംഖാന, മുഹാബതുൽ ഇസ്ലാം മദ്രസ, മാടവന സെന്റ്.സെബാസ്റ്റ്യൻ ദേവാലയം എന്നിവിടങ്ങളിലെത്തിയും ദീപക് ജോയ് അനുഗ്രഹം തേടി. വിവിധ മത, സമുദായ നേതാക്കളെ സന്ദർശിച്ചും പിന്തുണ അഭ്യർഥിച്ചു. തൃപ്പൂണിത്തുറ ഗവണ്മെന്റ് ആയുർവേദ കോളേജിലെത്തിയ ദീപക് ജോയ്ക്ക് ആവേശകരമായ സ്വീകരണമാണ് ജീവനക്കാരും വിദ്യാർഥികളും ചേർന്ന് നൽകിയത്. ഉദയംപേരൂർ കാരുരുത്തി റോഡിൽ ഗുരുവായൂർ മുൻ മേൽശാന്തി എഴിക്കോട് സതീശൻ നമ്പൂതിരിയുടെ വസതിയിലെത്തി അനുഗ്രഹം തേടി.

ഉദയപേരൂരിൽ മൂന്ന് ദിവസം നീണ്ട സ്വീകരണ പരിപാടികൾ സമാപിച്ചു. ദീപക് ജോയ് ഇന്ന് കുമ്പളം മണ്ഡലം കമ്മിറ്റിയുടെ സ്വീകരണ യോഗങ്ങളിൽ പങ്കെടുക്കും. രാവിലെ എട്ട് മണിക്ക് കണ്ടാകർണ ക്ഷേത്ര പരിസരത്ത് നിന്ന് കുമ്പളത്തെ സ്വീകരണ പരിപാടികൾ ആരംഭിക്കും. ഇരുപതിലേറെ സ്വീകരണ യോഗങ്ങളിൽ പങ്കെടുത്ത ശേഷം രാത്രി എട്ടരയ്ക്ക് നോർത്ത് അർപാസിൽ സമാപിക്കും.

# പി. രാജീവിന്റെ ആദ്യഘട്ട പ്രചരണം പൂർത്തിയായി; ഇന്ന് മുതൽ സ്വീകരണ പരിപാടി



**കളമശ്ശേരി:** എൽ.ഡി.എഫ് സ്ഥാനാർത്ഥി പി. രാജീവിന്റെ ആദ്യ ഘട്ട പര്യടനം പൂർത്തിയായി. ഇന്ന് മുതൽ വാഹന പര്യടനത്തിന് തുടക്കമാകും. ഇന്നലെ രാവിലെ ഏഴ് മണിയോടെ പ്രേമം പാലത്തിലൂടെ പ്രഭാത സവാരി നടത്തിയാണ് സ്ഥാനാർത്ഥി പ്രചാരണം ആരംഭിച്ചത്. പ്രേമത്തിലെ അഭിനേതാവ് സിജു വിൽസണും വിദ്യാർത്ഥികളും യുവജനങ്ങളും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. കന്യാസ്ത്രികൾക്ക് പെൻഷൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിലുള്ള ആഹ്ലാദത്തോടെയാണ് മദർ സുപ്പീരിയർ ബെറ്റി ഏലക്കാട്ടിന്റെ നേതൃത്വത്തിൽ തൃക്കാക്കര ലൂക്കാ കോൺവെന്റിലെത്തിയ രാജീവിനെ സന്യാസിനികൾ സ്വീകരിച്ചു. അവിടെ നിന്നും തൃക്കാക്കര വാമനമൂർത്തി ക്ഷേത്രത്തിലെത്തി ഇടത്തല സ്വദേശി അന്നപൂർണ്ണ വി. കർത്തയുടേയും ചങ്ങനാശ്ശേരി സ്വദേശി അബി അരവിന്ദിന്റേയും വിവാഹത്തിൽ പങ്കുകൊണ്ടു. പിന്നീട് യൂണിവേഴ്സിറ്റി കോളനിയിലെ വീടുകളും ഡോ. അംബേദ്കർ തൊഴിൽ പരിശീലന കേന്ദ്രവും സന്ദർശിച്ചു. തൊഴിൽ പരിശീലന കേന്ദ്രത്തിൽ ആറ് മാസമായി നടക്കുന്ന വാർഡുതല യോഗ പരിശീലനത്തെക്കുറിച്ച് ചോദിച്ചറിഞ്ഞു.

അവിടെ നിന്നും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി നടത്തുന്ന വിമുക്തി സ്പെഷൽ സ്കൂളിലെത്തി വിദ്യാർത്ഥികൾക്കൊപ്പം അൽപ്പസമയം ചെലവഴിച്ചു. പള്ളിലാംകരയിലേക്കാണ് അവിടെ നിന്നും പോയത്. വ്യാപാര സ്ഥാപനങ്ങളിലും കളമശ്ശേരി സഹകരണ ബാങ്കിലും പ്രേഷിതറാണി കോൺവെന്റിലും എസ്.എൻ.ഡി.പി ശാഖയിലും കയറി ഒപ്പമുണ്ടാകണമെന്ന് പി. രാജീവ് പിന്തുണ അഭ്യർത്ഥിച്ചു. കളമശ്ശേരി സെന്റ്. തോമസ് മാർത്തോമ പള്ളിയിലെത്തി ഫാ. പി. വൈ മാത്യുവിൽ നിന്നും ആശിർവാദം സ്വീകരിച്ചു. പി. രാജീവിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായുള്ള സ്വീകരണ പരിപാടിക്ക് ഇന്ന് തുടക്കമാകും. രാവിലെ 7.30-ന് കുന്നുകര ജംഗ്ഷനിൽ സി.പി.ഐ(എം) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എം. സ്വരാജ് പര്യടനം ഉദ്ഘാടനം ചെയ്യും.

# ക്രാഫ്റ്റ് ഫെർട്ടിലിറ്റിയും നോവ ഐ.വി.എഫും കൈകോർക്കുന്നു; കേരളത്തിലുടനീളം 10 ഐ.വി.എഫ് സെന്ററുകൾ

**കൊച്ചി:** കേരളത്തിലെ വന്ധ്യതാ ചികിത്സാ ശൃംഖലയായ ക്രാഫ്റ്റ് ഫെർട്ടിലിറ്റി സെന്ററും ഇന്ത്യയിലെ പ്രമുഖ ഐവിഎഫ് സേവന ദാതാക്കളായ നോവ ഐ.വി.എഫ് ഫെർട്ടിലിറ്റിയും കൈകോർക്കുന്നു. ഏഷ്യ ഹെൽത്ത് കെയർ ഹോൾഡിംഗ്സിന് കീഴിലുള്ള നോവയ്ക്ക് നിലവിൽ 70 നഗരങ്ങളിലായി 120 കേന്ദ്രങ്ങളുണ്ട്. അടുത്ത 3 മുതൽ 5 വർഷത്തിനുള്ളിൽ കേരളത്തിലുടനീളം 10 അത്യാധുനിക ഐ.വി.എഫ് സെന്ററുകൾ തുറക്കുന്നതിലൂടെ സംസ്ഥാനത്തെ വന്ധ്യതാ ചികിത്സാ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാനാണ് ഈ സംയുക്ത സംരംഭം ലക്ഷ്യമിടുന്നത്. നിലവിൽ കൊച്ചി, കൊടുങ്ങല്ലൂർ, പാലക്കാട് എന്നിവിടങ്ങളിൽ ഇരു സ്ഥാപനങ്ങൾക്കും സാന്നിധ്യമുണ്ട്. കേരളത്തിൽ ക്രാഫ്റ്റ് ഫെർട്ടിലിറ്റിക്കുള്ള ശക്തമായ ക്ലിനിക്കൽ പാരമ്പര്യവും, നോവ ഐ.വി.എഫ് ഫെർട്ടിലിറ്റിയുടെ ദേശീയ ശൃംഖലയും അത്യാധുനിക സാങ്കേതിക വിദ്യയും ഒത്തുചേരുന്നതാണ് ഈ സഹകരണം. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.വി.എഫ് ലാബ് സംവിധാനങ്ങൾ, ഭ്രൂണ തിരഞ്ഞെടുപ്പിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള നൂതന രീതികൾ എന്നിവ വഴി മികച്ച ചികിത്സാ ഫലങ്ങൾ ലഭ്യമാക്കാൻ ഈ പങ്കാളിത്തം സഹായിക്കും. കേരളത്തിലെ ജനനനിരക്ക് ആശങ്കാജനകമായ രീതിയിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നിലവിൽ ഇത് 1.35 മുതൽ 1.7 വരെയാണ്, എന്നാൽ ജനസംഖ്യാ സന്തുലിതാവസ്ഥ നിലനിർത്താൻ വേണ്ട കുറഞ്ഞ നിരക്ക് (Replacement Level) 2.1 ആണ്. ഈ സാഹചര്യത്തിൽ വന്ധ്യതാ ചികിത്സാ രംഗത്ത് കൂടുതൽ മികച്ച സൗകര്യങ്ങൾ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്, ക്രാഫ്റ്റ് ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ ചെയർമാനും മെഡിക്കൽ ഡയറക്ടറുമായ പ്രൊഫ. ഡോ. സി. മുഹമ്മദ് അഷ്റഫ് പറഞ്ഞു. 1999 മുതൽ പതിനായിരക്കണക്കിന് ദമ്പതികൾക്ക് ആശ്വാസമായ ക്രാഫ്റ്റ് ഫെർട്ടിലിറ്റിയും, ഇന്ത്യയിലെ പ്രമുഖരായ നോവ ഐ.വി.എഫും കൈകോർക്കുന്നത് ഈ ലക്ഷ്യത്തോടെയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേരളത്തിലെ കൊച്ചു നഗരങ്ങളിലേക്കും ആധുനിക ചികിത്സ എത്തിക്കാനും, പുതിയ ചികിത്സാ രീതികൾ വികസിപ്പിക്കാനും വിദഗ്ദ്ധരായ ഡോക്ടർമാരെ പരിശീലിപ്പിക്കാനും ഈ പങ്കാളിത്തത്തിലൂടെ തങ്ങൾക്ക് സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.



പ്രത്യുൽപാദന ആരോഗ്യ രംഗത്ത് ഡോ. അഷ്റഫും ക്രാഫ്റ്റ് ഫെർട്ടിലിറ്റിയും നൽകുന്ന മികച്ച സേവനങ്ങളും അവരുടെ ശാസ്ത്രീയ ചികിത്സാ രീതികളും പ്രശംസനീയമാണ്. കേരളത്തിൽ വന്ധ്യതാ ചികിത്സയെക്കുറിച്ചുള്ള അവബോധം കൂടിവരുന്ന സാഹചര്യത്തിൽ, എ.ഐ ഉപയോഗിച്ചുള്ള ഭ്രൂണ തിരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഇവിടുത്തെ രോഗികൾക്ക് ലഭ്യമാക്കാൻ ഈ പങ്കാളിത്തം സഹായിക്കും. വരും വർഷങ്ങളിൽ കേരളത്തിലെ 10 പ്രധാന നഗരങ്ങളിലേക്ക് ഞങ്ങളുടെ സേവനം വിപുലീകരിക്കുമെന്ന് നോവ ഐ.വി.എഫ് ഫെർട്ടിലിറ്റി സി.ഇ.ഒ ശോഭിത് അഗർവാൾ പറഞ്ഞു. ഈ സഹകരണം ഇന്ത്യൻ ഐ.വി.എഫ് മേഖലയിലെ ഒരു സുപ്രധാന നാഴികക്കല്ലാണെന്നും ഏഷ്യ ഹെൽത്ത് കെയർ ഹോൾഡിംഗ്സ് എക്സിക്യൂട്ടീവ് ചെയർമാൻ വിശാൽ ബാലി അഭിപ്രായപ്പെട്ടു. ആഗോളതലത്തിൽ ഈ രംഗത്തുണ്ടാകുന്ന അത്യാധുനിക മാറ്റങ്ങൾ രോഗികളിലേക്ക് എത്തിക്കാനും, ഓരോ വ്യക്തിക്കും അനുയോജ്യമായ ചികിത്സാ രീതികൾ ഉറപ്പുവരുത്തി മികച്ച വിജയം കൈവരിക്കാനും ഈ കൂട്ടുകെട്ടിലൂടെ സാധിക്കും. രോഗീ കേന്ദ്രീകൃതമായ ഈ സമീപനം വന്ധ്യതാ ചികിത്സാ രംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# അനുഷ്ഠാനകലകളുടെ വർക്ക് ഷോപ്പുമായി കൊച്ചി ബിനാലെ



**കൊച്ചി:** കൊച്ചി-മുസിരിസ് ബിനാലെയുടെ ഭാഗമായി ആസ്പിൻവാൾ ഹൗസിലെ പഞ്ചേരി ആർട്ടിസ്റ്റ് യൂണിയൻ സൈറ്റിൽ 'കോളിംഗ് ദി സ്പെക്ട്രൽ' എന്ന പേരിൽ ദ്വിദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. പഞ്ചേരി ആർട്ടിസ്റ്റ് യൂണിയനും എബിസി ആർട്ട് റൂമും സംയുക്തമായി സംഘടിപ്പിച്ച ഈ പരിപാടിക്ക് കലാകാരൻ അരവിന്ദ് ചെടയൻ നേതൃത്വം നൽകി. കുഞ്ഞുമോൾ, അശോകൻ എന്നിവരായിരുന്നു വർക്ക്ഷോപ്പിന്റെ സഹ-ഫെസിലിറ്റേറ്റർമാർ.മുടിയേറ്റ്, കളമെഴുത്ത് തുടങ്ങിയവയെ സമകാലിക പ്രകടനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് അനുഷ്ഠാന കലകൾക്ക് പുതിയ തലം നൽകുകയാണ് വർക്ക്ഷോപ്പ് ചെയ്തത്. പാട്ടുകളിലൂടെയും കഥകളിലൂടെയും കലാരൂപങ്ങളുടെ സാംസ്കാരിക പ്രാധാന്യം പരിചയപ്പെടുത്തി. വർക്ക്ഷോപ്പിന്റെ ഭാഗമായി ഒരു പുതിയ ദൃശ്യാവിഷ്കാരം തറയിൽ 'കളമായി' വരച്ചു. ഈ ചിത്രത്തെ ആസ്പദമാക്കിയായിരുന്നു വർക്ക്ഷോപ്പിലെ ചർച്ചകൾ നടന്നത്. രണ്ടാം ദിവസം 'ഇറേസിംഗ് ദി കളം': എ പെർഫോമൻസ് ഓഫ് ബോഡി മൂവ്മെന്റ്സ് ആൻഡ് മ്യൂസിക്' എന്ന അവതരണത്തോടെ പരിപാടി സമാപിച്ചു.

പങ്കാളികൾ ചേർന്ന് തറയിൽ വലിയൊരു കളം വരയ്ക്കുകയും പിന്നീട് സംഗീതത്തിന്റെയും ശാരീരിക ചലനങ്ങളുടെയും അകമ്പടിയോടെ അത് മായ്ക്കുകയും ചെയ്യുന്ന പ്രകടനമാണ് നടന്നത്.

വർക്ക്ഷോപ്പ് പങ്കാളികൾക്കൊപ്പം രാജി വി.ബി, രാജഗോപാൽ, നിതിൻ ഷംസ്, രജനീഷ്, അരവിന്ദ് ചെടയൻ എന്നിവരും ഇതിൽ പങ്കെടുത്തു. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ള ഇത്തരം കലാരൂപങ്ങൾ ജാതി രഹിതവും സമത്വപൂർണ്ണവുമായ സമൂഹത്തെ വിഭാവനം ചെയ്യുന്നതിൽ എത്രത്തോളം നിർണ്ണായകമാണെന്ന് ഈ പരിപാടി ചർച്ച ചെയ്തു.

# ശ്വാസകോശ ചികിത്സാ രംഗത്ത് നിർണ്ണായക നേട്ടവുമായി കൊച്ചി അമൃത ആശുപത്രി



**കൊച്ചി:** ശ്വാസകോശ ചികിത്സാ രംഗത്ത് നിർണ്ണായക നേട്ടവുമായി കൊച്ചി അമൃത ആശുപത്രി. കേരളത്തിൽ ആദ്യമായി 'ബയോഡീഗ്രേഡബിൾ എയർവേസ്റ്റെന്റിങ്' (Biodegradable Airway Stenting) വിജയകരമായി നിർവ്വഹിച്ചു. ഇതോടെ, ക്ഷയരോഗാനന്തരമുണ്ടാകുന്ന ശ്വാസനാളിയിലെ തടസ്സങ്ങൾ (Post-TB Bronchial Stenosis) പരിഹരിക്കാൻ ഈ നൂതന മാർഗ്ഗം സ്വീകരിക്കുന്ന കേരളത്തിലെ ആദ്യത്തെയും, ഇന്ത്യയിലെ മൂന്നാമത്തെയും കേന്ദ്രമായി അമൃത ആശുപത്രി മാറിയതായി അമൃത ആശുപത്രി അധികൃതർ വ്യക്തമാക്കി. അമൃതയിലെ ഇന്റർവെൻഷണൽ പൾമണോളജി ആൻഡ് കോംപ്ലക്സ് എയർവേ ഡിസോർഡേഴ്സ് വിഭാഗമാണ് ഈ നേട്ടത്തിന് പിന്നിൽ. ശ്വാസനാളിയിൽ കടുത്ത തടസ്സമുണ്ടായിരുന്ന രണ്ട് യുവതികളിലാണ് എട്ട് മണിക്കൂർ നീണ്ട സങ്കീർണ്ണമായ ബ്രോങ്കോസ്കോപ്പിക് ശസ്ത്രക്രിയയിലൂടെ ശ്വസനപ്രക്രിയ സുഗമമാക്കിയത്. ശ്വാസനാളിയിലെ തടസം നീക്കിയ ശേഷം സ്ഥാപിക്കുന്ന ഈ പ്രത്യേക സ്റ്റെന്റുകൾ നിശ്ചിത സമയത്തിനുള്ളിൽ ശരീരത്തിൽ തന്നെ അലിഞ്ഞുചേരും എന്നതാണ് ഇതിന്റെ പ്രത്യേകത. ഇത് രോഗികൾക്ക് ഭാവിയിൽ കൂടുതൽ ശസ്ത്രക്രിയകൾ ഒഴിവാക്കാൻ സഹായിക്കും. അത്യാധുനിക സാങ്കേതിക വിദ്യയുടെയും വിദഗ്ധരായ ഡോക്ടർമാരുടെ ഏകോപനത്തിന്റെയും ഫലമായാണ് ഈ അപൂർവ്വ നേട്ടം കൈവരിക്കാനായതെന്ന് കൊച്ചി അമൃത ആശുപത്രിയിലെ ഇന്റർവെൻഷണൽ പൾമൊണളജി വിഭാഗം മേധാവി ഡോ. ടിങ്കു ജോസഫ് പറഞ്ഞു. ശസ്ത്രക്രിയയിൽ ഡോ. ഡോൺ ജോസ്, ഡോ. ശ്രീരാജ് നായർ തുടങ്ങിയവരും പങ്കാളികളായി. ക്ഷയരോഗാനന്തരമുണ്ടാകുന്ന ശ്വാസനാളി ചുരുങ്ങൽ, വിട്ടു മാറാത്ത ചുമ, കഫക്കെട്ട്, ശ്വാസം മുട്ടൽ, കൂടാതെ ശ്വാസനാളിയിലെ മറ്റു തടസ്സങ്ങൾക്കും ഇത്തരത്തിലുള്ള ബയോഡീഗ്രേഡബിൾ എയർവേ സ്റ്റെന്റിങ് ചെയ്യുന്നത് കൂടുതൽ ഫലപ്രദമായിരിക്കുമെന്നും ഡോ. ടിങ്കു ജോസഫ് കൂട്ടി ചേർത്തു.

# ബ്രാഹ്മിൻസ് എക്സ്പ്രസ് മിക്സ് ബ്രേക്ക്ഫാസ്റ്റ് ശ്രേണി പുറത്തിറക്കി വിപ്രോ

**കൊച്ചി:** വിപ്രോ കൺസ്യൂമർ കെയർ ആന്റ് ലൈറ്റിംഗിന്റെ ഫുഡ്സ് ബിസിനസിന്റെ ഭാഗമായ വിപ്രോ ബ്രാഹ്മിൻസ് രൂപകൽപ്പന ചെയ്ത റെഡി-ടു-കുക്ക് പ്രഭാത ഭക്ഷണ ശ്രേണിയായ 'ബ്രാഹ്മിൻസ് എക്സ്പ്രസ് മിക്സ്' വിപണിയിലിറക്കി. വീട്ടിലുണ്ടാക്കിയ ഭക്ഷണത്തിന്റെ പരമ്പരാഗത രുചിയും വിശ്വസനീയമായ ചേരുവകളും വേഗത്തിലും സൗകര്യപ്രദവുമായ ഫോർമാറ്റിൽ സംയോജിപ്പിച്ച്, 10 മിനിറ്റിനുള്ളിൽ വീട്ടിലുണ്ടാക്കിയ തരം പ്രഭാതഭക്ഷണം സാധ്യമാക്കുന്നതാണ് ഈ ശ്രേണിയെന്ന വിപ്രോ ഫുഡ്സിന്റെ പ്രസിഡന്റ് അനിൽ ചുഗ് പറഞ്ഞു. 'ബ്രാഹ്മിൻസ് എക്സ്പ്രസ് മിക്സ്' ശ്രേണിയിൽ എട്ട് ഇന്ത്യൻ പ്രഭാതഭക്ഷണ വിഭവങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് - റൈസ് ഇഡ്‌ലി, റൈസ് ദോശ, റവ ഇഡ്‌ലി, റവ ദോശ, റാഗി ഇഡ്‌ലി, റാഗി ദോശ, ഉപ്പുമാവ്, പൊഹ. എക്സ്പ്രസ് മിക്സ് ഉൽപ്പന്ന ശ്രേണിയിലെ പൊഹയും ഉപ്പുമാവും വെറും മൂന്ന് മിനിറ്റിനുള്ളിൽ തയ്യാറാക്കാൻ കഴിയും.



അതേസമയം മറ്റ് ഉൽപ്പന്നങ്ങൾ 10 മിനിറ്റിനകം എളുപ്പത്തിൽ തയറാക്കാമെന്നും അദ്ദേഹം പറഞ്ഞു. എക്സ്പ്രസ് മിക്സിലൂടെ, ഇന്നത്തെ തലമുറയുടെ പ്രതീക്ഷകളെ അഭിസംബോധന ചെയ്യുകയാണ് ബ്രാഹ്മിൻസ് ചെയ്യുന്നത്. കൃത്രിമമായ കൂട്ടിച്ചേർക്കലുകൾ ഇല്ലാതെ, ബ്രാൻഡിന്റെ ശുദ്ധമായ ചേരുവകൾ പാലിക്കുന്ന രീതികൾക്ക് അനുസൃതമായി, പ്രിസർവേറ്റീവുകളില്ലാത്ത ഫോർമുലേഷനുകൾ പിന്തുടരുന്നു എന്നതും ബ്രാഹ്മിൻസിന്റെ സവിശേഷതയാണ്. ഏകദേശം നാല് പതിറ്റാണ്ടുകളായി, 100% സസ്യാഹാര ഉൽപാദനം മാത്രമുള്ള കേന്ദ്രത്തിലെ ഉൽപാദനത്തിന്റെ പിന്തുണയോടെ, വിശ്വാസം, പരിശുദ്ധി, സ്ഥിരതയുള്ള മാനദണ്ഡങ്ങൾ എന്നിവയിൽ അതിന്റെ പ്രശസ്തി കെട്ടിപ്പടുത്ത ബ്രാൻഡാണ് ബ്രാഹ്മിൻസെന്ന് അനിൽ ചുഗ് പറഞ്ഞു. പ്രിസർവേറ്റീവ് രഹിത കൂട്ടുകൾ ഉപയോഗിച്ച് യഥാർത്ഥ രുചി നിലനിർത്തുന്നതിനൊപ്പം പാചക പ്രക്രിയ ലളിതമാക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതെന്നും പുതിയ വിപണികളിൽ കൂടുതൽ ലഭ്യത ഉറപ്പാക്കുന്നതിനായി ബ്രാൻഡ് ദ്രുത വാണിജ്യ, വ്യാപാര ചാനലുകളിലുടനീളം ലഭ്യത വിപുലീകരിക്കുമെന്നും വിപ്രോ ഫുഡ്സിലെ നിറപറ ആൻഡ് ബ്രാഹ്മിൻസ് ബിസിനസ് ഹെഡ് സണ്ണി തോമസ് പറഞ്ഞു.

ബ്രാഹ്മിൻസ് എക്സ്പ്രസ് മിക്സ് ശ്രേണിയുടെ വില ഇഡ്ഡലി, ദോശ പായ്ക്കുകൾക്ക് (200 ഗ്രാം) 75-80 രൂപയും, പോഹ, ഉപ്പുമാവ് പായ്ക്കുകൾക്ക് (60 ഗ്രാം) 30-40 രൂപയുമാണ് വില. കർണാടകയിലും കേരളത്തിലും പൊതുവിപണിയ്ക്കൊപ്പം ആധുനിക വിപണന പ്ലാറ്റ്ഫോമുകളിലും ഇത് ലഭ്യമാണ്. അതുപോലെതന്നെ, ദേശീയതലത്തിൽ സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് വഴിയും ഈ ശ്രേണി ലഭ്യമാണ്. ബെംഗളൂരു, മുംബൈ, ഡൽഹി, ഹൈദരാബാദ്, ചെന്നൈ, ജയ്പൂർ, പോണ്ടിച്ചേരി എന്നിവയുൾപ്പെടെയുള്ള ടയർ 1, ടയർ 2 നഗരങ്ങളിലുമുള്ള മറ്റ് ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലേക്കും ഇത് ഉടൻ വ്യാപിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ഗൃഹശോഭ മൂന്നാം ഘട്ടത്തിൽ 120 വീടുകൾ നിർമ്മിച്ചു നൽകി ശോഭ ഗ്രൂപ്പ്

**പാലക്കാട്:** സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങൾക്കായി ശോഭ ഗ്രൂപ്പ് നടപ്പാക്കുന്ന കമ്മ്യൂണിറ്റി ഭവന പദ്ധതിയായ ഗൃഹ ശോഭയുടെ മൂന്നാം ഘട്ടത്തിന് കീഴിൽ 120 വീടുകൾ വിതരണം ചെയ്തു. മൂലംകോട് ശ്രീ കുറുംബ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറാണ് വീടുകൾ ഔപചാരികമായി സമർപ്പിച്ചത്. ശോഭ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജഗദീഷ് നങ്കിനേനി, ശോഭ ലിമിറ്റഡ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ നിശാന്ത് എം എൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം സമൂഹത്തിന്റെ ക്ഷേമത്തിനായി നമ്മുടെ സമ്പത്തും വരുമാനവും മറ്റുള്ളവരുമായി പങ്കിടുക എന്നതാണെന്നും ശോഭ ഗ്രൂപ്പിന്റെയും ശ്രീ കുറുംബ വിദ്യാഭ്യാസ, ചാരിറ്റബിൾ ട്രസ്റ്റിന്റെയും ജീവകാരുണ്യ പ്രവർത്തനങ്ങൾ സാമൂഹിക ഉത്തരവാദിത്തത്തിന്റെ ഒരു മാതൃകയാണെന്ന് ചടങ്ങിൽ സംസാരിച്ച ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പറഞ്ഞു. ഭവന നിർമ്മാണ പദ്ധതിയോടൊപ്പം, ട്രസ്റ്റ് പുതുതായി നിർമ്മിച്ച ഒരു അങ്കണവാടി കെട്ടിടവും ഈ ചടങ്ങിൽ വെച്ച് പഞ്ചായത്തിന് കൈമാറി. ഇടുകാവ് കുളത്തിന്റെ പുനരുദ്ധാരണം പൂർത്തിയാക്കുകയും ശോഭ ആരോഗ്യ സ്പർശം ഡയാലിസിസ് സഹായ പരിപാടി ആരംഭിയ്ക്കുകയും അതിന്റെ പുതിയ ലോഗോ അനാച്ഛാദനം ചെയ്യുകയും ചെയ്തു. ഒന്നാം ഘട്ടത്തിലും രാം ഘട്ടത്തിലുമായി ആകെ 230 വീടുകൾ ഇതിനകം കൈമാറിയാതായി ശോഭ ഗ്രൂപ്പ് അറിയിച്ചു. 2030 ആകുമ്പോഴേക്കും, സാമ്പത്തികമായി ദുർബലരായ, സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾക്ക് 1,000 വീടുകൾ നൽകുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന പദ്ധതിയാണ് 2022-ൽ ആരംഭിച്ച ഗൃഹ ശോഭ. മൂന്നാം ഘട്ടത്തോടെ, ഈ പദ്ധതിയുടെ കീഴിൽ വിതരണം ചെയ്യുന്ന ആകെ വീടുകളുടെ എണ്ണം 350 ആയി ഉയരും. ഓരോ വീടും 700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 2 ബെഡ് റൂം യൂണിറ്റാണ. ഈട്. സുരക്ഷ, ദീർഘകാല ഉപയോഗക്ഷമത എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ആദ്യം ഭൂരഹിത ഗുണഭോക്താക്കൾക്കായി, ഭൂമി കണ്ടെത്തുകയും സ്ത്രീയുടെ പേരിൽ അത് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. ഇത് അവരുടെ ഉടമസ്ഥാവകാശവും ദീർഘകാല സുരക്ഷയും ഉറപ്പാക്കുന്നുവെന്ന് ശോഭ ഗ്രൂപ്പ് സ്ഥാപകൻ പി.എൻ.സി. മേനോൻ പറഞ്ഞു. ശോഭ ഗ്രൂപ്പിന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) വിഭാഗമായ ശ്രീ കുറുംബ എജ്യുക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റുമായി സഹകരിച്ചാണ് ഈ വീടുകൾ നിർമ്മിച്ചിരിക്കുന്നത്.




# തൊഴിലിടങ്ങളിലെത്തി ആരോഗ്യപരിശോധന; സ്വാസ്ഥ്യ പദ്ധതിക്ക് തുടക്കമായി

**കോഴിക്കോട്:** വർധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് വ്യത്യസ്ത തൊഴിലിടങ്ങളിൽ കടന്നുചെന്ന് ഹെൽത്ത് സ്ക്രീനിംഗിന് സൗകര്യമൊരുക്കുന്ന വി.പി.എസ് ലേക്‌ഷോറിന്റെ 'സ്വാസ്ഥ്യ' പദ്ധതിക്ക് തുടക്കമായി. നിഖില ഫൗണ്ടേഷനുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതി കോഴിക്കോട് വി.പി.എസ് ലേക്‌ഷോർ മെഡിക്കൽ സെന്ററിൽ ആരോഗ്യ വകുപ്പ് മുൻ ഡയറക്ടർ (ഡി.എച്ച്.എസ്) ഡോ. ആർ.എൽ. സരിത ഉദ്ഘാടനം ചെയ്തു. വ്യത്യസ്ത തൊഴിലുകളിൽ വ്യാപൃതരായിരിക്കുന്ന ആളുകളിലെ സങ്കീർണമാകാൻ സാധ്യതയുള്ള രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി പരിഹരിക്കാൻ അവസരമൊരുക്കുന്ന സ്വാസ്ഥ്യ പദ്ധതി സമകാലിക സമൂഹത്തിൽ അനിവാര്യമാണെന്ന് അവർ വ്യക്തമാക്കി. ഉറക്കവും വ്യായാമവുമില്ലാതെ തൊഴിലെടുക്കുന്ന യുവത്വമാണ് നമുക്ക് ചുറ്റുമുള്ളത്. അവരുടെ ആരോഗ്യപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുകയെന്നത് പ്രധാനമാണെന്നും ഡോ. ആർ.എൽ. സരിത കൂട്ടിച്ചേർത്തു. വി.പി.എസ് ലേക്‌ഷോർ മാനേജിങ് ഡയറക്ടർ എസ്.കെ. അബ്ദുള്ള അധ്യക്ഷത വഹിച്ചു. വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ ആരോഗ്യപരിരക്ഷയാണ് സ്വാസ്ഥ്യ പദ്ധതിയുടെ ലക്ഷ്യമെന്ന് അദ്ദേഹം വ്യക്തമാക്കി. മറ്റൊരു തരത്തിലുമുള്ള ലാഭേച്ഛയുമില്ലാതെ പരമാവധി ആളുകൾക്ക് പദ്ധതി ഗുണപ്രദമാകണമെന്ന സദുദ്ദേശ്യമാണ് തങ്ങൾക്കുള്ളതെന്നും അദ്ദേഹം വിശദീകരിച്ചു. ഡോ. ആർ.എൽ. സരിത, എസ്.കെ. അബ്ദുള്ള എന്നിവർ ചേർന്ന് സ്വാസ്ഥ്യ പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്തു.




കോഴിക്കോട് വി.പി.എസ് ലേക്‌ഷോർ മെഡിക്കൽ സെൻറർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. ടി.പി. മെഹറൂഫ് രാജ് പദ്ധതി വിശദീകരിച്ചു. വ്യത്യസ്ഥ തൊഴിലിടങ്ങളിൽ കടന്നുചെന്ന് അവിടുത്തെ ജീവനക്കാരിലെ ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കാൻ പ്രതിരോധ പ്രവർത്തനങ്ങളും ബോധവത്കരണവും നടത്തുന്ന പദ്ധതിയാണ് സ്വാസ്ഥ്യയെന്ന് അദ്ദേഹം വ്യക്തമാക്കി. വി.പി.എസ് ലേക്‌ഷോറിന്റെ സി.എസ്.ആർ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിക്കുന്ന പദ്ധതി കോഴിക്കോട് ആസ്ഥാനമായ ആരോഗ്യ രംഗത്തെ പ്രമുഖ എൻ.ജി.ഒ നിഖില ഫൗണ്ടേഷനുമായി സഹകരിച്ചാണ് നടപ്പാക്കുന്നത്. വനിതകൾക്ക് പദ്ധതിയിൽ പ്രത്യേക പരിഗണന ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഗൈനക്കോളജിസ്റ്റ് ഡോ. ഖദീജ മുംതാസ് മുഖ്യാതിഥിയായിരുന്നു. സീനിയർ ഡയബറ്റോളജിസ്റ്റ് ഡോ. കെ. സുരേഷ് കുമാർ സംസാരിച്ചു. വി.പി.എസ് ലേക്‌ഷോർ ഗ്രൂപ്പ് സി.ഇ.ഒ അഭിഷേക് പൊഡൂരി, സി.ഒ.ഒ ലക്ഷ്മണൻ സേതുരാമൻ എന്നിവർ പങ്കെടുത്തു. നിഖില ഫൗണ്ടേഷൻ സെക്രട്ടറി പ്രസാദ് കണക്കശ്ശേരി സ്വാഗതവും വി.പി.എസ് ലേക്‌ഷോർ മെഡിക്കൽ സെൻറർ സീനിയർ നഴ്സിംഗ് മാനേജർ വി.കെ. പുഷ്പലത നന്ദിയും പറഞ്ഞു.

# പുത്തൻ ഫീച്ചറുകളുമായി സ്കോഡ കുഷാക്ക് വിപണിയിൽ




**കൊച്ചി:** അത്യാധുനിക യൂറോപ്യൻ സാങ്കേതികവിദ്യ ഇന്ത്യൻ വിപണിയിൽ കൂടുതൽ ജനപ്രിയമാക്കുക എന്ന ലക്ഷ്യത്തോടെ സ്കോഡ അവതരിപ്പിച്ച പുതിയ സ്കോഡ കുഷാക്ക് വിപണിയിലേക്ക് എത്തുന്നു. സെഗ്മെന്റിൽ ആദ്യമായി അവതരിപ്പിക്കുന്ന 8-സ്പീഡ് ടോർക്ക് കൺവെർട്ടർ ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ, റിയർ സീറ്റ് മസാജർ തുടങ്ങി നിരവധി അത്യാധുനിക സവിശേഷതകളുമായാണ് പുതിയ കുഷാക്ക് വിപണിയിലെത്തുന്നത്. ലോകോത്തര നിലവാരമുള്ള യൂറോപ്യൻ എഞ്ചിനീയറിംഗും 5-സ്റ്റാർ സുരക്ഷയും ഇന്ത്യൻ റോഡുകളിൽ കൂടുതൽ ലഭ്യമാക്കുക എന്ന സ്കോഡ ഓട്ടോ ഇന്ത്യയുടെ തന്ത്രപ്രധാനമായ ലക്ഷ്യത്തിന് പുതിയ കുഷാക്ക് 1.0 TSI, 1.5 TSI മോഡലുകൾ കരുത്തുപകരുന്നു.

സിഗ്നേച്ചർ, സ്പോർട്ലൈൻ, പ്രസ്റ്റീജ്, മോണ്ടെ കാർലോ എന്നീ അഞ്ച് ട്രിമ്മുകളിൽ ലഭ്യമായ പുതിയ കുഷാക് ക്ലാസിക്+, മാനുവൽ, റിയൽ ഓട്ടോമാറ്റിക് ട്രാൻസ്മിഷനുകളുള്ള ടർബോചാർജ്ഡ് പെട്രോൾ എഞ്ചിനുകളുമായാണ് എത്തുന്നത്. ഷിംല ഗ്രീൻ, സ്റ്റീൽ ഗ്രേ, ചെറി റെഡ് എന്നീ മൂന്ന് പുതിയ നിറങ്ങൾ ഉൾപ്പെടെ കാൻഡി വൈറ്റ്, കാർബൺ സ്റ്റീൽ, ബ്രില്യന്റ് സിൽവർ, ലാവ ബ്ലൂ, ഡീപ് ബ്ലാക്ക് എന്നീ എട്ട് നിറങ്ങളിൽ ലഭ്യമാണെന്ന് സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു. യൂറോപ്യൻ സാങ്കേതികവിദ്യ ഇന്ത്യൻ ഉപഭോക്താക്കൾക്ക് കൂടുതൽ പ്രാപ്യമാക്കുകയാണ് സ്കോഡയുടെ ലക്ഷ്യം. സെഗ്മെന്റിൽ ആദ്യമായി എൻട്രി വേരിയന്റിൽ തന്നെ 8-സ്പീഡ് ഓട്ടോമാറ്റിക് ഗിയർബോക്സ്, റിയർ സീറ്റ് മസാജർ തുടങ്ങിയവ ഉൾപ്പെടുത്തി 'പണത്തിനൊത്ത മൂല്യം' എന്ന സങ്കൽപ്പത്തിന് പുതിയ മാനം നൽകാൻ പുതിയ കുഷാക്കിന് സാധിക്കുന്നു. മികച്ച സുരക്ഷയും ഡ്രൈവിംഗ് മികവും സ്റ്റാൻഡേർഡായി ഉറപ്പാക്കുന്നതിലൂടെ പുതിയ കുഷാക്കും ഉടമസ്ഥർക്ക് അഭിമാനമായി മാറുമെന്നും സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.

## ചേതക് സ്ക്രീൻ അവാർഡിനുള്ള 24 നോമിനേഷനുകളുമായി ദുരന്ധർ മുന്നിൽ

**തൃശൂർ:** സ്ക്രീൻ അക്കാദമി ചേതക് സ്ക്രീൻ അവാർഡ്സ് ചടങ്ങിനായുള്ള നാമനിർദ്ദേശങ്ങളുടെ സമ്പൂർണ്ണ പട്ടിക പുറത്തുവിട്ടു. 31 വിഭാഗങ്ങളിലായി നടക്കുന്ന ഈ പുരസ്കാരങ്ങൾ ഏപ്രിൽ അഞ്ചിന് പ്രഖ്യാപിക്കും. 2025-ലെ മികച്ച ഹിന്ദി സിനിമകളെയും ഒടിടി പ്ലാറ്റ്ഫോമുകളിലെ പ്രകടനങ്ങളെയുമാണ് ഈ അവാർഡിലൂടെ ആദരിക്കുന്നത്.

ആദിത്യ ധർ സംവിധാനം ചെയ്ത സ്പൈ ത്രില്ലർ ചിത്രം ദുരന്ധർ ആണ് ഇത്തവണത്തെ ചേതക് സ്ക്രീൻ അവാർഡ്സ് നാമനിർദ്ദേശങ്ങളിൽ ഏറ്റവും മുന്നിൽ. റെക്കോർഡ് നേട്ടമായ 24 നാമനിർദ്ദേശങ്ങളാണ് ഈ ചിത്രം സ്വന്തമാക്കിയത്. മോഹിത് സൂരിയുടെ 'സയ്യാറ' 17 നാമനിർദ്ദേശങ്ങളുമായി രണ്ടാം സ്ഥാനത്തും നീരജ് ഘേവാന്റെ 'ഹോം ബൗണ്ട്' 15 നാമനിർദ്ദേശങ്ങളുമായി മൂന്നാമതുമുണ്ട്. തിയേറ്ററുകളിൽ എത്തിയ ചിത്രങ്ങളും ഒടിടി റിലീസുകളും ഒരുപോലെ ഈ പട്ടികയിൽ ഇടംപിടിച്ചിട്ടുണ്ട്. ആധുനിക ഇന്ത്യൻ സിനിമ ലോകത്തെ കഥപറച്ചിലിലെ വൈവിധ്യവും പുരോഗതിയും എടുത്തുകാണിക്കുന്നതാണ് ഈ വർഷത്തെ നാമനിർദ്ദേശങ്ങൾ.

1995ൽ തുടങ്ങിയ സ്ക്രീൻ അവാർഡ്സ് എഡിറ്റോറിയൽ സത്യസന്ധതയിലും സുതാര്യതയിലുമാണ് വിശ്വസിക്കുന്നത്. 50ലധികം പ്രശസ്ത ചലച്ചിത്ര പ്രവർത്തകർ, കലാകാരന്മാർ, സാംസ്കാരിക നായകർ എന്നിവരടങ്ങുന്ന സ്വതന്ത്രവും ലാഭേച്ഛയില്ലാത്തതുമായ 'സ്ക്രീൻ അക്കാദമി' ആണ് പുരസ്കാരങ്ങൾ നിർണയിക്കുന്നത്. അക്കാദമിയിലെ 95 ശതമാനത്തിലധികം അംഗങ്ങളും ഇത്തവണത്തെ മൂല്യനിർണ്ണയ പ്രക്രിയയിൽ പങ്കാളികളായി. ഓരോ വിഭാഗത്തിലും ശരാശരി 38 മുതൽ 40 വരെ അംഗങ്ങൾ മാർക്കുകൾ രേഖപ്പെടുത്തി. പുരസ്കാര നിർണ്ണയത്തിൽ പൂർണ്ണമായ നിഷ്പക്ഷതയും നീതിയും ഉറപ്പാക്കുന്നതിനായി 'ട്രിംഡ് മീൻ' (ഒളിമ്പിക്) എന്ന പ്രത്യേക ശാസ്ത്രീയ രീതിയാണ് ഇത്തവണ സ്വീകരിച്ചത്.

അവാർഡ് നിർണ്ണയ പ്രക്രിയ കൂടുതൽ ശക്തമാക്കുന്നതിനായി യൂണിവേഴ്സിറ്റി ഓഫ് സതേൺ കാലിഫോർണിയയിലെ സ്കൂൾ ഓഫ് സിനിമാറ്റിക് ആർട്സിലെ സിനിമ ആൻഡ് മീഡിയ സ്റ്റഡീസ് വിഭാഗം ചെയർപേഴ്സൺ പ്രൊഫസർ പ്രിയ ജയകുമാർ അക്കാദമി അംഗങ്ങൾക്കായി വിശദമായ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ തയ്യാറാക്കി. കഴിഞ്ഞ 20 വർഷത്തിനിടെ ആദ്യമായി ഒരു ചലച്ചിത്ര പുരസ്കാര ചടങ്ങ് തത്സമയം സംപ്രേഷണം ചെയ്യും. സോണി എൻറർടൈൻമെൻറ് ടെലിവിഷനിലും, സോണി ലിവ് ഒടിടി പ്ലാറ്റ്ഫോമിലും ചടങ്ങുകൾ തത്സമയം കാണാം.

## യുവജനങ്ങൾക്ക് ദിശാബോധം നൽകാൻ 'ലോസ് ആൻഡസ് കോൺക്ലേവ് 2026'

**കൊച്ചി:** മഞ്ഞുമ്മൽ പ്രൊവിൻസിന്റെ കീഴിലുള്ള ലോസ് ആൻഡസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി യുവജനങ്ങൾക്കായി 'ലോസ് ആൻഡസ് കോൺക്ലേവ് 2026' എന്ന വിദ്യാഭ്യാസ സംഗമം സംഘടിപ്പിക്കുന്നു. മാർച്ച് 27-ന് (വെള്ളി) പാലാരിവട്ടം പി.ഒ.സി (പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ) യിൽ പരിപാടി നടക്കും.അന്താരാഷ്ട്ര വിദ്യാഭ്യാസവും വിദേശ അവസരങ്ങളും സംബന്ധിച്ച് സമൂഹത്തിൽ ഉയർന്ന് വരുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. തെറ്റായ വിവരങ്ങൾ, യാഥാർഥ്യമില്ലാത്ത പ്രതീക്ഷകൾ, ശരിയായ മാർഗനിർദേശങ്ങളുടെ അഭാവം എന്നിവ മൂലം നിരവധി കുടുംബങ്ങൾ സാമ്പത്തികവും മാനസികവുമായ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിലാണ് ഈ പരിപാടി. വിദ്യാർത്ഥികളും സമൂഹവും ഉത്തരവാദിത്വത്തോടെ തീരുമാനങ്ങൾ എടുക്കുന്നതിനും, ധാർമ്മിക സമീപനവും പ്രായോഗിക പരിഹാരങ്ങളും സ്വീകരിക്കുന്നതിനും കോൺക്ലേവ് സഹായകരമാകും.

